"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ തുറവൂർ റ്റി.ഡി. ഹൈസ്കൂളിന്റെ 2024-25 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം WP(C) No.26439/2025 ന്മേലുളള 12.08.2025 ലെ വിധിന്യായം നടപ്പാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.9903/2025/GEDN   തീയതി,തിരുവനന്തപുരം, 25-11-2025

---

പരാമർശം:-
1) റ്റി.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 18.03.2025 ലെ റിവിഷൻ ഹർജി.
2) WP(C)No.26439/2025 ന്മേലുള്ള 12.08.2025 ലെ വിധിന്യായം.
3) ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.11.2025 ലെ ഡിഇഒഎഎൽപി/1258/2025-ബി3 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.11.2025 ലെ ഡിജിഇ/21854/2025-ആർഎ1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ തുറവൂർ റ്റി.ഡി. ഹൈസ്കൂളിന്റെ 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് റദ്ദ് ചെയ്ത് VI, VII ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകൾ വീതവും 2 യു.പി.എസ്.ടി തസ്തികകളും 1 എൽ.ജി (ഹിന്ദി) തസ്തികയും; VIII-ാം ക്ലാസ്സിലെ ഒരു ഡിവിഷനും 1 എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയും പുന:സ്ഥാപിച്ച് നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് റ്റി.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.26439/2025 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, പരാമർശം (2) പ്രകാരമുള്ള 12.08.2025 ലെ വിധിന്യായത്തിൽ എക്സിബിറ്റ് പി3 റിവിഷൻ ഹർജിയിന്മേൽ പരാതിക്കാരനെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

i) ആലപ്പുഴ ടി.ഡി. ഹൈസ്കൂളിലെ 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ യു.പി. വിഭാഗത്തിൽ ആകെ 11 ഡിവിഷനുകളും അനുബന്ധ തസ്തികകളും, ഹൈസ്കൂൾ വിഭാഗത്തിൽ 13

ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചിരുന്നു. തസ്തിക നിർണ്ണയത്തിന് ശേഷം കുട്ടികൾ ടി.സി വാങ്ങിപ്പോയെന്ന കാരണത്താൽ യു.പി. വിഭാഗത്തിൽ VI, VII ക്ലാസ്സുകളിലെ ഓരോ ഡിവിഷനുകൾ വീതവും 2 യു.പി.എസ്.ടി തസ്തികകളും, 1 എൽ.ജി (അറബിക്) തസ്തികയും VIII-ാം ക്ലാസ്സിൽ ഒരു ഡിവിഷനും ഒരു എച്ച്.എസ്.ടി (എസ്.എസ്) തസ്തികയും റദ്ദ് ചെയ്യുകയുണ്ടായി. ആറാം പ്രവർത്തി ദിനത്തിന് ശേഷം സ്കൂളിൽ നിന്നും ടി.സി വാങ്ങിപ്പോയവർ V-4, VI-7, VII-7, VIII-11, IX-3, X-3 എന്നിങ്ങനെയാണ്. VI, VII ക്ലാസുകളിൽ യഥാക്രമം 7 ടി.സി കൾ വീതം നൽകിയിട്ടുള്ളതിനാൽ ഓരോ ഡിവിഷനുകളും, യു.പി.എസ്.ടി തസ്തികകളും കുറയുന്നുവെന്നും, VIII -ാം ക്ലാസിൽ ആറാം സാദ്ധ്യായ ദിവസത്തിനു ശേഷം 11 ടി.സി കൾ നൽകിയിട്ടുള്ളതിനാൽ ഒരു ഡിവിഷൻ കുറയുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ VI-ാം ക്ലാസിലെ യു.ഐ.ഡി ഉള്ള 7 കുട്ടികളിൽ സൂരജ്പൂർകൈത്, എം.ഒ.റബാനി, അബ്ദുൽ റഹീം എന്നീ 3 കുട്ടികൾ അന്യസംസ്ഥാന തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങിപ്പോകുന്നത് മൂലവും, ബാക്കി കുട്ടികൾ രക്ഷകർത്താവിന്റെ അപേക്ഷ പ്രകാരം മറ്റ് സ്ഥലങ്ങളിലുള്ള സ്കൂളിലേക്ക് മാറിപ്പോയി പഠിക്കുന്നതിനും ടി.സി വാങ്ങിപ്പോയ കുട്ടികളാണ്. VII ാം ക്ലാസ്സിലെ യു.ഐ.ഡി ഉള്ള 7 കുട്ടികളും ടി.സി വാങ്ങിപ്പോയിട്ടുണ്ട്. ടി 7 കുട്ടികളിൽ ആദ്യത്തെ 5 കുട്ടികളും അന്യസംസ്ഥാന തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങിപ്പോകുന്നത് മൂലം ടി.സി ആവശ്യപ്പെട്ട് വിടുതൽ ചെയ്ത് പോയവരാണ്. മഹാദേവൻ മഹേഷ് എന്ന് കുട്ടി പുന്നപ്ര യു.പി. സ്കൂളിൽ പഠിക്കുന്നതിനു വേണ്ടിയും, സന്ദേശലാൽ എന്ന കുട്ടി ചേർത്തല എസ്.എൻ.ഗവ. ബോയ്സ് എച്ച്.എസ്.എസ് ൽ പഠിക്കുന്നതിനു വേണ്ടിയും ടി.സി വാങ്ങിപ്പോയവരാണ്.

ii) VIII-ാം ക്ലാസ്സിലെ 11 കുട്ടികൾ ടി.സി മുഖേന വിടുതൽ ചെയ്തിട്ടുണ്ട്. ടി കുട്ടികളിൽ 3 കുട്ടികൾ 2021 വർഷം മുതൽ ടി സ്കൂളിൽ തുടർന്ന് വന്നിരുന്നവരും ഒരു കുട്ടി 2023 വർഷം മുതൽ തുടർന്ന് വന്നിരുന്നതുമാണ്. ഇതിൽ 4 കുട്ടികൾ (എം.ഡി.അഫ്ജൽ, എസ്.കെ. അമ്റുൾ ഇസ്ലാം, എം.ഡി. ജിസാൻ അലാം, എം.ഡി.മുബ്ഷീർ) അന്യസംസ്ഥാന തൊഴിലാളികൾ തിരികെ നാട്ടിലേക്ക് പോയതുമൂലം ടി.സി വാങ്ങിയവരാണ്. ഒരു കുട്ടി (രാമൻ കാണി) വികലാംഗസദനം അടച്ചു പൂട്ടിയതിനെ തുടർന്ന് ടി.സി വാങ്ങിപ്പോയതാണ്. ടി കുട്ടികളിൽ ജർമിയ ടോം പുറക്കാട് എസ്.എൻ.എം. എച്ച്.എസ് ലും, ആർ.ദേവനാരായണൻ തിരുവമ്പാടി എച്ച്.എസ് ലും, ഇൻസാഫ് മുഹമ്മദ് ഷബീർ എറണാകുളം അൽ ഫറൂഖിയ എച്ച്.എസ്.എസ് ലും, റിഫാന റിയാസ് പുന്നപ്ര അറവുകാട് എച്ച്.എസ് ലും ആണ് ടി.സി വാങ്ങിപ്പോയത്. കൂടാതെ യു.പി.വിഭാഗത്തിൽ ആറാം പ്രവർത്തി ദിവസത്തെ അറബി പഠിക്കുന്ന കുട്ടികൾ എണ്ണം VI -ാം ക്ലാസ്സിൽ 38-ഉം അനുവദിച്ച ഡിവിഷൻ 2-ഉം, VII-ാം ക്ലാസ്സിൽ 40-ഉം അനുവദിച്ച ഡിവിഷൻ 2-ഉം ആണ്. VI ാം ക്ലാസ്സിലെ അറബി പഠിക്കുന്ന 5 കുട്ടികളും ടി.സി. വാങ്ങിപ്പോയിട്ടുണ്ട്. ടി 5 കുട്ടികളിൽ 4 കുട്ടികളും 2023 മുതൽ ടി സ്കൂളിൽ തന്നെ പഠനം തുടർന്ന് വന്നിരുന്നവരാണ്. ടി 4 കുട്ടികളെ കണക്കാക്കിയാൽ തന്നെ VI-ാം ക്ലാസ്സിൽ 37 കുട്ടികൾക്ക് 2-ാമത്തെ ഡിവിഷൻ നിലനിൽക്കുമെന്നതിനാൽ 2-ാമത്തെ അറബിക് ഡിവിഷനെ ബാധിക്കുന്നില്ല. ആയതുവഴി എൽ.ജി (അറബിക്) തസ്തികയും നിലനിൽക്കുന്നതാണ്. കൂടാതെ VII-ാം ക്ലാസ്സിലെ അന്യസംസ്ഥാന തൊഴിലാളികളുടെ അറബി പഠിക്കുന്ന 5 കുട്ടികളും രക്ഷിതാക്കളുടെ അപേക്ഷ പ്രകാരം ടി.സി വാങ്ങി മറ്റു സംസ്ഥാനത്തേക്ക് മാറിപ്പോയിട്ടുണ്ട്. ആയതിനാൽ ടി കുട്ടികളെല്ലാം തന്നെ മതിയായ കാരണത്താലാണ് ടി.സി വാങ്ങിപ്പോയിട്ടുള്ളത്. മതിയായ കാരണത്താലാണോ ടി.സി വാങ്ങിപ്പോയത് എന്ന് പരിശോധിക്കാതെ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത കുട്ടികളെ കുറവ് ചെയ്ത് ഡിവിഷനുകളും തസ്തികകളും റദ്ദ് ചെയ്തത് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VIII ചട്ടം 12 (8) ലെ

വ്യവസ്ഥയുടെ തെറ്റായ വ്യാഖ്യാനമാണ്.

iii) 18.04.2022 ലെ സ.ഉ.(പി)നം.5/20222/പൊവിവ പ്രകാരം, KER അദ്ധ്യായം VIII ചട്ടം 12 (8) ന് വരുത്തിയ ഭേദഗതി പ്രകാരം അതാത് വർഷം 31 നകം കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് ഡിവിഷനെ ബാധിക്കുമെന്ന് കണ്ടാൽ ഹെഡ്മാസ്റ്റർ സമന്വയ വെബ്ബ് പോർട്ടൽ മുഖേന വിദ്യാഭ്യാസ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണമെന്നും, വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തി മതിയായ കാരണമില്ലാതെയാണ് കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതെങ്കിൽ ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട് കിട്ടി 20 ദിവസത്തിനകം തസ്തികകളും ഡിവിഷനുകളും റദ്ദ് ചെയ്ത് തസ്തിക നിർണ്ണയ ഉത്തരവ് പുന:ക്രമീകരിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായത് ഡിവിഷനെ ബാധിക്കുമെങ്കിൽ ആയത് “സമന്വയ വെബ് പോർട്ടൽ” വഴി റിപ്പോർട്ട് ചെയ്യുവാനുള്ള സംവിധാനം ഇതുവരെ സമന്വയയിൽ വരുത്തിയിട്ടില്ല. എന്നാൽ ഡി.ഡി.ഇ യുടെ നിർദ്ദേശ പ്രകാരം സ്കൂളിൽ നിന്നും കുട്ടികൾ ടി.സി. വാങ്ങി പോയത് മതിയായ കാരണം മൂലമാണോയെന്ന് യാതൊരു പരിശോധനയും നടത്താതെ ടി.സി. വാങ്ങി പോയ കുട്ടികളെ കുറവ് ചെയ്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികകളും ഡിവിഷനുകളും റദ്ദ് ചെയ്യുകയാണുണ്ടായത്. മേൽ സാഹചര്യത്തിൽ, VI, VII ക്ലാസ്സുകളിലെ ഓരോ ഡിവിഷനും 2 യു.പി.എസ്.ടി തസ്തികകളും ഒരു എൽ.ജി (അറബിക്) തസ്തികയും, VIII-ാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു എച്ച്.എസ്.ടി (എസ്.എസ്) തസ്തികയും റദ്ദ ചെയ്ത ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദ് ചെയ്ത് ടി ഡിവിഷനുകളും തസ്തികകളും പുന:സ്ഥാപിച്ചു നൽകണം."

3. ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടുകൾ പ്രകാരം, കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12(8) പ്രകാരം അതാതു സ്കൂൾ വർഷത്തിൽ ജനുവരി 31 വരെ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നത് മൂലം നിലവിൽ അനുവദിക്കപ്പെട്ട ഡിവിഷനെയോ തസ്തികയെയോ ബാധിക്കുമെന്ന് കണ്ടാൽ ഉടൻ തന്നെ ഹെഡ്മാസ്റ്റർ സമന്വയ വഴി ആ വിവരം വിദ്യാഭ്യാസ ഓഫിസർക്ക് റിപ്പോർട്ട് ചെയ്യുകയും ടി റിപ്പോർട്ട് വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച ശേഷം കുട്ടികൾ എണ്ണത്തിൽ വന്ന കുറവ് ഡിവിഷൻ/തസ്തിക ഇവ കുറയ്ക്കുവാൻ മതിയായ കാരണങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ റിപ്പോർട്ട് കിട്ടി 20 ദിവസത്തിനകം അത് പ്രകാരം വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആലപ്പുഴ ടി.ഡി ഹൈസ്കൂളിലെ 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തിക നിർണ്ണയം റിവ്യൂ ചെയ്യുകയുണ്ടായി. ആറാം സാധ്യായ ദിവസത്തിന് ശേഷം ആറാം ക്ലാസ്സിൽ നിന്നും 4 കുട്ടികൾ കുറയുന്നത് നാലാമത്തെ ഡിവിഷനെയും തസ്തികയും, 8-ാം ക്ലാസ്സിൽ നിന്നും പത്ത് കുട്ടികൾ കുറയുന്നത് അഞ്ചാമത്തെ ഡിവിഷനെയും തസ്തികയെയും 5-ാം ക്ലാസ്സിൽ ഒരു കുട്ടിയും 6-ാം ക്ലാസ്സിൽ മൂന്നു കുട്ടികളും 7-ാം ക്ലാസ്സിൽ അഞ്ച് കുട്ടികളും അറബി വിഭാഗത്തിൽ നിന്ന് കുറയുന്നത് അറബി തസ്തികയെയും ബാധിക്കുമെന്ന് കണ്ടതിനാൽ സമന്വയ മുഖേന പ്രഥമാദ്ധ്യാപികയിൽ നിന്നും റിപ്പോർട്ട് വാങ്ങിയ ശേഷം മതിയായ കാരണം ഉണ്ടെങ്കിൽ അപ്രകാരം തസ്തിക പുനർനിർണ്ണയിക്കുന്നതിന് കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12 (8) പ്രകാരം നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ആഫീസർ സ്കൂളിൽ സന്ദർശനം നടത്തി പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് വാങ്ങുകയും തുടർന്ന് കോർപ്പറേറ്റ് മാനേജർ, പ്രഥമാദ്ധ്യാപിക, തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകർ എന്നിവരെ നേരിൽ

കേൾക്കുകയും കുട്ടികളുടെ അറ്റൻഡൻസ് രജിസ്റ്റർ, ടി.സി ഇഷ്യൂ രജിസ്റ്റർ, അഡ്മിഷൻ രജിസ്റ്റർ എന്നിവ വിശദമായി പരിശോധിക്കുകയും ചെയ്തു. ക്ലാസ്സ് 6, ക്ലാസ്സ് 7 എന്നിവിടങ്ങളിൽ ഓരോ ഡിവിഷനുകൾ കുറയുന്നതിനാൽ രണ്ടു യു.പി.എസ്.ടി, ഒരു എൽ.ജി അറബിക് എന്നീ തസ്തികകൾ കുറയുന്നതായും, ക്ലാസ്സ് 8 ൽ ഒരു ഡിവിഷൻ കുറയുന്നതിനാൽ ഒരു എച്ച്.എസ്.ടി (എസ്.എസ്) കുറയുന്നതായും ബോധ്യപ്പെട്ടതിനാൽ തസ്തിക പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ആയത് ക്രമപ്രകാരമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 2025-26 അധ്യായന വർഷം ഡിവിഷനുകൾ കൂടുന്നതിനാൽ മേൽ സൂചിപ്പിച്ച തസ്തികകൾ അധികമായി ലഭ്യമാകുമെന്ന് ബോധ്യപ്പെട്ടതിനാൽ, ആയതു ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ടി.ഡി ഹൈസ്കൂളിൽ 2024-25 അധ്യയന വർഷം ആറാം സാധ്യായ ദിവസത്തിന് ശേഷം കുട്ടികൾ കുറഞ്ഞതിനാൽ കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12 (8) പ്രകാരം 6, 7 ക്ലാസ്സുകളിലെ ഓരോ ഡിവിഷനും 2 യു.പി.എസ്.ടി തസ്തികകളും ഒരു എൽ.ജി (അറബിക്) തസ്തികയും 8-ാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു എച്ച്.എസ്.ടി (എസ്.എസ്) തസ്തികയും ഒഴിവാക്കി തസ്തിക പുനർനിർണ്ണയിക്കുകയുണ്ടായി. ഇതിനെതിരെയാണ് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. 18.04.2022 ലെ സ.ഉ.(പി)നം.5/2022/പൊവിവ പ്രകാരം, KER അദ്ധ്യായം VIII ചട്ടം 12 (8) ൽ വരുത്തിയ ഭേദഗതി പ്രകാരം അതാത് വർഷം ജനുവരി 31 നകം കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് ഡിവിഷനെ ബാധിക്കുമെന്ന് കണ്ടാൽ ഹെഡ്മാസ്റ്റർ സമന്വയ വെബ്ബ് പോർട്ടൽ മുഖേന വിദ്യാഭ്യാസ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണമെന്നും, വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തി മതിയായ കാരണമില്ലാതെയാണ് കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതെങ്കിൽ ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട് കിട്ടി 20 ദിവസത്തിനകം തസ്തികകളും ഡിവിഷനുകളും റദ്ദ് ചെയ്ത് തസ്തിക നിർണ്ണയ ഉത്തരവ് പുന:ക്രമീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കുട്ടികൾ ടി.സി. വാങ്ങി പോയത് മതിയായ കാരണം മൂലമാണോയെന്ന് യാതൊരു പരിശോധനയും നടത്താതെ ടി കുട്ടികളെ കുറവ് ചെയ്ത് തസ്തികകളും ഡിവിഷനുകളും റദ്ദ് ചെയ്തുവെന്നതാണ് മാനേജരുടെ വാദം.

5. മാനേജർ വാദിച്ച പ്രകാരം 18.04.2022 ലെ സ.ഉ.(പി)നം.5/2022/പൊവിവ പ്രകാരം, KER അദ്ധ്യായം VIII ചട്ടം 12 (8) ൽ ഭേദഗതി വരുത്തിയിട്ടുള്ളതായി കാണുന്നില്ല. മാത്രമല്ല മാർക്ക് രജിസ്റ്ററുമായി ബന്ധപ്പെട്ട KER അദ്ധ്യായം VIII ചട്ടം 12 ൽ 3 ഉപചട്ടങ്ങൾ മാത്രമാണ് ഉള്ളതായി കാണുന്നത്. എന്നാൽ ഒരു സ്കൂളിൽ ജനുവരി 31 വരെ ഏതെങ്കിലും സമയത്ത് വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായാൽ, അത് അനുവദിച്ച ഡിവിഷനുകളുടെയോ തസ്തികകളുടെയോ എണ്ണത്തെ ബാധിക്കാൻ പര്യാപ്തമാണെന്ന് കണ്ടെത്തിയാൽ, ഹെഡ്മാസ്റ്ററോ ഹെഡ്മിസ്ട്രസോ വൈസ് പ്രിൻസിപ്പലോ ആ വസ്തുത 'SAMANWAYA' വെബ് പോർട്ടൽ വഴി വിദ്യാഭ്യാസ ഓഫീസർക്ക് ഉടൻ റിപ്പോർട്ട് ചെയ്യണമെന്നും റിപ്പോർട്ട് പരിശോധിച്ച ശേഷം, ക്ലാസ്, ഡിവിഷൻ അല്ലെങ്കിൽ തസ്തിക കുറയ്ക്കാൻ മതിയായ കാരണങ്ങൾ കണ്ടെത്തിയാൽ, ഹെഡ്മാസ്റ്ററുടെയോ ഹെഡ്മിസ്ട്രസിന്റെയോ വൈസ് പ്രിൻസിപ്പലിന്റെയോ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ ഇരുപത് ദിവസത്തിനുള്ളിൽ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പരിഷ്കരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥ

18.04.2022 ലെ സ.ഉ.(പി)നം.5/2022/പൊവിവ പ്രകാരം KER അദ്ധ്യായം XXIII ൽ ചട്ടം 12 (8) ആയി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഈ ചട്ട ഭേദഗതി പ്രകാരം ആലപ്പുഴ ടി.ഡി ഹൈസ്കൂളിൽ ആറാം സാധ്യായ ദിവസത്തിന് ശേഷം കുട്ടികൾ കുറഞ്ഞതിനാൽ 6, 7 ക്ലാസ്സുകളിലെ ഓരോ ഡിവിഷനും 2 യു.പി.എസ്.ടി തസ്തികകളും ഒരു എൽ.ജി (അറബിക്) തസ്തികയും 8-ാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു എച്ച്.എസ്.ടി (എസ്.എസ്) തസ്തികയും ഒഴിവാക്കി 2024-25 അധ്യയന വർഷത്തെ തസ്തിക പുനർനിർണ്ണയിച്ച ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ, തസ്തിക പുനർനിർണ്ണയം വഴി 2024-25 അധ്യയന വർഷം റദ്ദ് ചെയ്യപ്പെട്ട VI, VII ക്ലാസ്സുകളിലെ ഓരോ ഡിവിഷനും 2 യു.പി.എസ്.ടി തസ്തികകളും ഒരു എൽ.ജി (അറബിക്) തസ്തികയും, VIII-ാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു എച്ച്.എസ്.ടി (എസ്.എസ്) തസ്തികയും പുനഃസ്ഥാപിച്ചു നൽകണമെന്നുള്ള ആലപ്പുഴ ടി.ഡി ഹൈസ്കൂൾ മാനേജരുടെ എക്സിബിറ്റ് പി3 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടും അപ്രകാരം WP(C) No.26439/2025 മേലുള്ള 12.08.2025 ലെ വിധിന്യായം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ
കോർപ്പറേറ്റ് മാനേജർ, റ്റി.ഡി. സ്കൂൾസ്, തുറവൂർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 25-11-2025 17:09:56

സെക്ഷൻ ഓഫീസർ